# കേരളസർവകലാശാല

നം.പി.ആർ.267/2022

## പത്രക്കുറിപ്പ്

### ടൈംടേബിൾ

### കേരളസർവകലാശാല: ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
### ഇ.ഡബ്ല്യൂ.എസ്, സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 17-ന്

ബഹു: കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ., സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള ഇ.ഡബ്ല്യൂ.എസ്. സീറ്റുകളിലേക്ക് സെൻട്രലൈസ്ഡ് സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 17 ന് പാളയം യൂണിവേഴ്സിറ്റി സെനറ്റ്ഹാളിൽ വച്ച് നടത്തുന്നു. നിലവിൽ ബി.എഡ്. കോഴ്സിന് അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർത്ഥികളെ ടി സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയം രാവിലെ 9.30 മണി മുതൽ 10.30 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10.30 ന് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർ ടി സംവരണം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

ടി.സി കൈവശം കരുതാത്ത വിദ്യാർത്ഥികൾ അലോട്ട്മെന്റ് നേടുന്നതിനുള്ള പ്രാഥമിക യോഗ്യതയിൽ നിന്നുതന്നെ പുറത്താകുന്നതാണ്. അലോട്ട്മെന്റിന്റെ അവസാന ഘട്ടത്തിലും ഒഴിവുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സ്പോട്ട് രജിസ്ട്രേഷൻ നടത്തി ഒഴിവുകൾ നികത്തുന്നതാണ്.

### സൂക്ഷ്മ പരിശോധന

കേരളസർവകലാശാല2022 ഏപ്രിൽ മാസം നടന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2022 ഡിസംബർ മാസം 17, 19 & 20 തീയതികളിൽ റീവാലുവേഷൻ ഇ ജെ X ( പത്ത് ) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ബി.എ/ ബി.സി.എ/ ബി.എ/ ബി.എസ്.സി/ബി.കോം/ബി.പി.എ/ബി.എസ്.ഡബ്ല്യൂ/ബി.വോക്/ബി.എം.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ

പതിച്ച ഐഡി കാർഡ്/ഹാൾടിക്കറ്റുമായി 2022 ഡിസംബർ 17 മുതൽ 24 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ **EJ-III** (മൂന്ന്) സെക്ഷനിൽ ഹാജരാകേണ്ടതാണ് .

## <u>പ്രാക്ടിക്കൽ</u>

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ 2023 ജനുവരി 10 മുതൽ തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ .

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ )കോഴ്സിന്റെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 20 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങൾ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## <u>പരീക്ഷാഫലം</u>

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ്വർക്ക് പരീക്ഷയുടെ (ജൂലൈ2022 സെഷൻ) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

തിരുവനന്തപുരം,
16.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**